<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 453</u> <u>11-06-2024 - ൽ മറുപടിയ്ക്ക്</u>

<u>കരുനാഗപ്പള്ളി മണ്ഡലത്തിലെ ചിറ്റൂമൂല മേൽപ്പാല നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി മണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ച ചിറ്റൂമൂല ( പുതിയ കാവ്-ചക്കുവള്ളി) മേൽപ്പാലത്തിന് ഭരണാനുമതി ലഭിച്ചതെന്നാണെന്നും ലഭിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ; | (എ) | കരുനാഗപ്പള്ളി മണ്ഡലത്തിലെ പുതിയകാവ് ചക്കുവള്ളി (ചിറ്റൂമൂല) റെയിൽവേ മേൽപ്പാലം നിർമ്മിക്കുവാൻ G.O(Rt). No. 942/2017/PWD dated 10.07.2017 പ്രകാരം 30 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. കൂടാതെ 07-12-2018 – ന് 28.50 കോടി രൂപയ്ക്ക് കിഫ്ബിയിൽ നിന്നും ധനാനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മേൽപ്പാലത്തിന് സാങ്കേതികാനുമതി ലഭിച്ചതെന്നാണ് എന്ന് വ്യക്തമാക്കാമോ; | (ബി) | പുതിയകാവ് ചക്കുവള്ളി (ചിറ്റൂമൂല) റെയിൽവേ മേൽപ്പാലം നിർമ്മിക്കുവാൻ 29.01.2024 – ന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട് എന്ന് പദ്ധതി നിർവഹണ ഏജൻസി ആയ ആർ. ബി. ഡി. സി. കെ. അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; പ്രസ്തുത നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | DSOR 2018 പ്രകാരം എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ പഴയ എസ്റ്റിമേറ്റിനേക്കാൾ 10% - ൽ കൂടുതൽ ആയതിനാൽ പുതുക്കിയ ധനാനുമതിക്കായി പദ്ധതി നിർവഹണ ഏജൻസി ആയ ആർ. ബി. ഡി. സി. കെ പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. തുടർന്ന് കിഫ്ബി എസ്റ്റിമേറ്റിൽ ചില വ്യക്തതകൾ ആവശ്യപ്പെട്ടുകയും ആയതിനുള്ള മറുപടി ആർ. ബി. ഡി. സി. കെ കിഫ്ബിയിൽ (08.05.2024) സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് നിലവിൽ കിഫ്ബിയുടെ പരിശോധനയിലാണ്. പരിശോധിച്ച ശേഷം കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോർഡ് / എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പുതുക്കിയ ധനാനുമതി ലഭ്യമായാൽ ഉടൻ തന്നെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണെന്ന് ആർ. ബി. ഡി. സി. കെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ